പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 753 | 10.02.2016 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുവാൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.ശിവൻകുട്ടി** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ലബോറട്ടറി സംവിധാനം ഇല്ലാത്ത പി.എച്ച്. സികളിലും സി.എച്ച്.സി കളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | എ) | ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിലെ തിരഞ്ഞെടുക്കപ്പെട്ട 250 പ്രാഥമിക / സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ലബോറട്ടറി സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് 3,20,000 രൂപയാണ് ചിലവ് കണക്കാക്കിയിട്ടുള്ളത്. ആയതിന്റെ 80% തുക സമഗ്ര ആരോഗ്യ പദ്ധതിയിലൂടെ എൻ. എച്ച്. എം വഴിയും 20% തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴിയും വകയിരുത്തുകയും ചെയ്യുന്നു. ഇതുവരെ 171 ഓളം പ്രാഥമിക/ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലെ ലാബുകളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളിലെ സജ്ജീകരണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ